# കേരള സർവകലാശാല

നം.പി.ആർ.162/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാലക്ക് നാക് അക്രഡിറ്റേഷൻ നഷ്ടപ്പെട്ടെന്ന വാർത്ത തെറ്റ്

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) അംഗീകാരം ഇപ്പോഴും ഉണ്ടെന്നും മറിച്ചുള്ള വാർത്തകൾ തെറ്റിദ്ധാരണാജനകമെന്നും സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. നിലവിൽ അക്രഡിറ്റേഷന്റെ കാലാവധി 2020 മാർച്ച് മാസം വരെയാണ് ഉണ്ടായിരുന്നത്. ഫെബ്രുവരി മാസം തന്നെ സമയബന്ധിതമായി അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട നാകിന്റെ പരിശോധനകൾക്ക് കാലതാമസം ഉണ്ടാകുന്നത് കണക്കിലെടുത്ത് രാജ്യത്തെ മറ്റു സർവകലാശാലകൾക്കൊപ്പം കേരള സർവകലാശാലയ്ക്കും തുടർ നടപടികൾക്കുള്ള സമയം കൗൺസിൽ നീട്ടി നൽകിയിട്ടുണ്ട്. അതുവരെ നിലവിലുള്ള അക്രഡിറ്റേഷൻ തുടരുമെന്നും സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു.

### സർവകലാശാല വിദഗ്ധ സമിതി റിപ്പോർട്ട് നടപ്പാക്കുന്നതിന് അക്കാദമിക് കൗൺസിലിന്റെ അനുമതി

കേരള സർവകലാശാലയുടെ വിദഗ്ധ സമിതി റിപ്പോർട്ട് നടപ്പാക്കുന്നതിന് ഇന്ന് ചേർന്ന അക്കാദമിക് കൗൺസിൽ അനുമതി നൽകി. പഠന ഗവേഷണ രംഗത്തും പരീക്ഷാ മേഖലയിലും നവീനമായ മാറ്റങ്ങൾക്കാണ് ഇതിലൂടെ വഴി തുറക്കുന്നത്. ഗവേഷക വിദ്യാർത്ഥികൾക്ക് പ്രീ റിസർച്ച് ട്രെയിനിംഗ് ഏർപ്പെടുത്തുന്നതിനും ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിനും 44 പഠന വകുപ്പുകളിലെ 55 പ്രോഗ്രാമുകൾ സമ്പൂർണ്ണമായി ഔട്ട്കം ബേസ്ഡ് സിലബസ് ആക്കുന്നതിനും കൗൺസിൽ അംഗീകാരം നൽകി. പിഎച്.ഡി തീസിസുകൾ, എം.ഫിൽ ഡെസർട്ടേഷനുകൾ പി.ജി പ്രോജക്ടുകൾ എന്നിവ ഓൺലൈനായി സമർപ്പിക്കുന്നതിനും, 17 പുതിയ പി.ജി പ്രോഗ്രാമുകൾക്കും 19 പുതിയ യു.ജി പ്രോഗ്രാമുകൾക്കും ആവശ്യമായ സിലബസും ഘടനയും രൂപപ്പെടുത്തുന്നതിനും അക്കാദമിക് കൗൺസിൽ അനുമതിയും നിർദേശവും നൽകി. പരീക്ഷാ മേഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി ക്വസ്റ്റ്യൻ ബാങ്ക് ഏർപ്പെടുത്തുന്നതിനും സ്റ്റുഡന്റ്സ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിനും കൗൺസിൽ അനുമതി നൽകി. സർവകലാശാല പഠന വകുപ്പുകളുടെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനത്തിന്റെ ഭാഗമായുള്ള പുതിയ റെഗുലേഷൻ കൗൺസിൽ അംഗീകരിച്ചു. വിവിധ സർവകലാശാലകളുടെ 23 ബിരുദങ്ങൾക്ക് തുല്യത നൽകുന്നതിനും ഗവേഷണ രംഗത്ത് നിലവിലുള്ള ആനിമൽ എത്തിക്സ് കമ്മിറ്റിക്ക് പുറമേ ഹ്യൂമൻ എത്തിക്സ് കമ്മിറ്റിയും ബയോസേഫ്റ്റി എത്തിക്സ് കമ്മിറ്റിയും പുതുതായി രൂപീകരി

ക്കാനും കൗൺസിൽ അനുമതി നൽകി. സർവകലാശാലയുടെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സ്കൂൾ ഓഫ് ഇന്തോളജി ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി എന്നും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയെ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്ന് പുനഃനാമകരണം ചെയ്യുന്നതിനും അംഗീകാരം നൽകി. കോവിഡ് 19 ന്റെ പ്രതിസന്ധി കാലത്തെ പരീക്ഷാ ചോദ്യപ്പേപ്പറുകളിൽ വിദ്യാർത്ഥികൾക്ക് ചോദ്യ ങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരങ്ങൾ (choice questions ന്റെ എണ്ണം) കൂട്ടും. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി നടത്തിയ ഇന്നത്തെ അക്കാദമിക് കൗൺസിലിൽ 100 അംഗങ്ങൾ പങ്കെടുത്തു.

## ടൈംടേബിൾ

2020 സെപ്റ്റംബർ 8 മുതൽ ആരംഭിക്കുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചി നീയറിംഗ് കാര്യവട്ടത്തെ എട്ടാം സെമസ്റ്റർ റെഗുലർ ബിടെക് ഡിഗ്രി പരീക്ഷയുടെ (2013 സ്കീം – 2016 അഡ്മിഷൻ വിദ്യാർത്ഥികൾ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ.

സെപ്റ്റംബർ 9 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് ആന്റ് അക്കൗണ്ടിംഗ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീ ക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 മേയിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്/ബിസിനസ് ഇക്ക ണോമിക്സ് പരീക്ഷയുടെ വൈവ പരീക്ഷകൾ സെപ്റ്റംബർ 8 മുതൽ ആരംഭിക്കുന്നു. (ആറ്റിങ്ങൽ ഗവ.കോളേജ് ഒഴികെ) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂലൈ 7 ന് ആരംഭിക്കാനിരുന്നതും മാറ്റിവച്ചതുമായ ഒന്നും രണ്ടും വർഷ ബി.കോം ആന്വൽ സ്കീം (സപ്ലിമെന്ററി ഒൺലി) പാർട്ട് ഒന്ന്, രണ്ട് പരീക്ഷകൾ സെപ്റ്റം ബർ 9 മുതൽ പുനഃരാരംഭിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാ ണ്. പരീക്ഷാകേന്ദ്രങ്ങളിലുള്ള മാറ്റം സർവകലാശാല വെബ്സൈറ്റിൽ ജൂലൈ 2 ന് പ്രസിദ്ധീകരിച്ചിരുന്നു. മറ്റുള്ള പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

2020 ജൂലൈ 7 മുതൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ ബിഎ/ബി.എ അഫ്സൽ -ഉൽ-ഉലമ ആന്വൽ സ്കീം പാർട്ട് ഒന്ന്, രണ്ട് (സെപ്റ്റംബർ 2019 സെഷൻ) സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് മാത്രമുള്ള പരീക്ഷ സെപ്റ്റംബർ 9 മുതൽ നടത്തുന്നതാണ്. റെഗു ലർ വിദ്യാർത്ഥികൾക്ക് പ്രസ്തുത പരീക്ഷ ബാധകമായിരിക്കുന്നതല്ല. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂലൈ 6, 8, 10 തീയതികളിൽ നടക്കേണ്ടിയിരുന്നതും ലോക്ഡൗൺ കാരണം നട ക്കാതെ പോയതുമായ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് – ബി.എ/ബി. എസ്.സി/ബി.കോം പരീക്ഷകൾ സെപ്റ്റംബർ 8 മുതൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ വിജ്ഞാപനം

ഒക്ടോബർ 1 മുതൽ ആരംഭിക്കുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 സ്കീമിലെ വിദ്യാർത്ഥികളുടെ കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബിടെക് റെഗുലർ/ഇംപ്രൂവ്മെന്റ്, 2013 സ്കീമിലെ 2017 അഡ്മിഷൻ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ ബി.ടെക് റെഗുലർ എന്നീ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 3 മുതൽ ആരംഭിക്കുന്നതാണ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## റിസർച്ച് പ്രോജക്ട് അവാർഡ് - അപേക്ഷ ക്ഷണിച്ചു

സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിലും, സെന്ററുകളിലുമുള്ള അദ്ധ്യാപകരിൽ നിന്ന് 2019-20 സാമ്പത്തികവർഷത്തിലെ 'റിസർച്ച് പ്രോജക്ട്' അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) - 2007 അഡ്മിഷൻ വരെയുള്ള ഫൈനൽ മേഴ്സിചാൻസ് വിദ്യാർത്ഥികൾ/സപ്ലിമെന്ററി/പാർട്ട് ടൈം ഒക്ടോബർ 2020 പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 3 മുതൽ ആരംഭിക്കുന്നതാണ്. പിഴകൂടാതെ സെപ്റ്റംബർ 11 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 18 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബിടെക് ഡിഗ്രി (2013 സ്കീം)- സപ്ലിമെന്ററി (UCEK - 2015, 2016 അഡ്മിഷൻ ഉൾപ്പെടെ)/ഇംപ്രൂവ്മെന്റ് (UCEK -2017 അഡ്മിഷൻ)/സെഷണൽ ഇംപ്രൂവ്മെന്റ് ഒക്ടോബർ 2020 പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 3 മുതൽ ആരംഭിക്കുന്നു. പിഴകൂടാതെ സെപ്റ്റംബർ 11 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 16 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 22 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 സെപ്റ്റംബർ 30 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസസ് (PGDBS), ഒക്ടോബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ സയൻസ് (PGDBS) പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 9 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 14 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 സെപ്റ്റംബർ 30 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (DTS) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 9 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 14 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

വിദൂരവിദ്യാഭ്യാസപഠന കേന്ദ്രം 2020 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (റെഗുലർ – 2018 അഡ്മിഷൻ ആന്റ് സപ്ലിമെന്ററി – 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്, അറബിക്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, എം.എസ്.സി കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ (2013 ന് മുൻപുളള അഡ്മിഷൻ) 2010, 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ സപ്ലിമെന്ററി ബി.ബി.എ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 15 ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്.

2019 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ മ്യൂസിക്, എം.എ മ്യൂസിക് (വയലിൻ), എം.എ മ്യൂസിക് (വീണ), എം.എ ഡാൻസ് (കേരള നടനം), എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്സി ബയോടെക്നോളജി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013 അഡ്മിഷന് മുമ്പ്), 2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2013 അഡ്മിഷന് മുമ്പ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 8 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി (2017 അഡ്മിഷൻ റെഗുലർ, 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ്), ബി.എ (എഫ്.ഡി.പി സി.ബി.സി.എസ്) (2014 അഡ്മിഷൻ മുതൽ 2017 അഡ്മിഷൻ വരെ) എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം. പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ അതതു കോളേജുകളിൽ സെപ്റ്റംബർ 23 നു ശേഷം ലഭ്യമാക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
27.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098